**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 760** **11-06-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . NH-യുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 10.7 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപാതയുടെ നിർമാണത്തിന് ദക്ഷിണ റയിൽവെയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ഔട്ടർ റിങ് റോഡും, വികസന ഇടനാഴിയും OAGC പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | രാജ്യത്തെ ആദ്യത്തെ ട്രാൻസ്ഷിപ്മെന്റ് തുറമുഖമായി പ്രവർത്തിക്കാൻ വിഴിഞ്ഞത്തിന് കേന്ദ്ര തുറമുഖ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതോടെ വലിയ കപ്പലുകൾക്ക് (മദർഷിപ്) അടുക്കാനും ചരക്കുകൾ കൈമാറ്റം ചെയ്യാനും സംവിധാനമുള്ള ഇന്ത്യയിലെ ആദ്യ തുറമുഖമായി വിഴിഞ്ഞം മാറുമോ; വിശദമാക്കാമോ; | (ബി) | തുറമുഖ പ്രവർത്തനം ആരംഭിക്കുന്നതിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കസ്റ്റംസ് പോർട്ട് ആയി Central Bureau of Custom & Indirect taxes (CBCI) notify ചെയ്യേണ്ടതുണ്ട്. ഇത് വിഴിഞ്ഞം പോർട്ടിന് നൽകുവാനുള്ള ശിപാർശ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം CBCI ക്ക് നൽകിയിട്ടുണ്ട്. CBCI യിൽ നിന്നും കസ്റ്റംസ് പോർട്ട് ആയി വിഴിഞ്ഞത്തെ പ്രഖ്യാപിച്ച് കഴിഞ്ഞാൽ, വലിയ കപ്പലുകൾക്ക് (മദർഷിപ്) അടുക്കാനും ചരക്കുകൾ കൈമാറ്റം ചെയ്യാനും സംവിധാനമുള്ള ഇന്ത്യയിലെ ആദ്യ തുറമുഖമായി വിഴിഞ്ഞം മാറും. |
| (സി) | ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖനഗരങ്ങളിലൊന്നാക്കി വിഴിഞ്ഞത്തെ മാറ്റാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രാദേശിക ജനവിഭാഗങ്ങൾക്കുകൂടി വിഴിഞ്ഞം പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വിഴിഞ്ഞം തുറമുഖത്തിന്റെ വരവോടു കൂടി കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ഇറക്കുമതി ചെയ്യുവാനുള്ള സാദ്ധ്യതകൾ മുൻനിർത്തി നിർമ്മാണ മേഖലയിലും വൻ പുരോഗതി പ്രതീക്ഷിക്കുന്നു. ദുബായ്, സിംഗപ്പൂർ മുതലായ തുറമുഖങ്ങൾക്കനുബന്ധമായി ഉണ്ടായിട്ടുള്ള നിർമ്മാണക്കുതിപ്പ് ഇതാണ് സൂചിപ്പിക്കു ന്നത്. എല്ലാ അന്താരാഷ്ട്ര തുറമുഖങ്ങൾക്കനുബന്ധ മായും വ്യവസായികവു തൊഴിൽപരവും നിർമ്മാണപ രവുമായ |

| | | | |
|---|---|---|---|
| | | | ഉണർവ്വുണ്ടാവുകയും അതുവഴി സമീപമേഖലയിലെ സാധാരണക്കാരുടെയുൾപ്പെടെ ജീവിത സാഹചര്യം വൻ തോതിൽ മെച്ചപ്പെടും. ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ് മുതലായവ വിഭാവനം ചെയ്ത് തുറമുഖ നിർമ്മാണം മൂലമുള്ള നേട്ടങ്ങൾ പരമാവധി ഈ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ സർക്കാ ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാഥമികാനുതികളും നൽകിക്കഴിഞ്ഞു.<br><br>ഔട്ടർ റിംഗ് റോഡ് പദ്ധതി നാവായിക്കുളം മുതൽ വിഴിഞ്ഞം വരെയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ റോഡുകൾക്കിരുവശങ്ങളിലുമായി 2.5 കിലോമീറ്റർ പ്രദേശം വിവിധങ്ങളായ വ്യവസായവും വാണിജ്യ ശാലകളും സ്ഥാപിക്കപ്പെടുന്നതോടു കൂടി തിരുവനന്തപുരത്തിന്റെ മുഖഛായ തന്നെ മാറുന്ന ബൃഹത് പദ്ധതിയാണിത്.<br><br>പല വികസിത നഗരങ്ങളുടെയും വളർച്ചയ്ക്കു പിന്നിൽ അതിനു സമീപത്തായുള്ള തുറമുഖമാണ പ്രവർത്തിച്ചിട്ടുള്ളത്. കൊച്ചി നഗരത്തിന്റെ വളർച്ചയും കൊച്ചി തുറമുഖത്തിന്റെ ചുവട് പിടിച്ചായിരുന്നു. ഇത്തരത്തിൽ ഒരു വൻ വികസന വിപ്ലവം വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടു കൂടി തിരുവനന്തപുരത്തും സംഭവിക്കുന്നതാണ്. ഇത് കേരളമാകെ മാറ്റത്തിന് വഴിയൊരുക്കും. |
| (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതികളിൽ പ്രധാനപ്പെട്ട ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ (ഒ.എ.ജി.സി.) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ (ഒ.എ.ജി.സി.) പദ്ധതിയുടെ പ്രവർത്തന പുരോഗതി പൊതുമരാമത്ത് വകുപ്പ് വിലയിരുത്തിവരുന്നു.<br><br>വിഴിഞ്ഞം തുറമുഖം സാധ്യമാകുന്നതോടെ ഉണ്ടാകുന്ന വികസന കുതിപ്പ് മുന്നൽക്കണ്ടാണ് സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് ഔട്ടർ റിംഗ് റോഡ് പദ്ധതിയ്ക്ക് രൂപം നൽകിയത്. സംസ്ഥാനം ആവശ്യപ്പെട്ടത് അനുസരിച്ച് ദേശീയപാതാ നിലവാരത്തിൽ റോഡ് നിർമ്മാണം സാധ്യമാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം സമ്മതിക്കുകയും ദേശീയപാത അതോറിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കിമീ നീളത്തിലും 70 മീറ്റർ വീതിയിലും, ദേശീയപാത അതോറിറ്റി മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 45 മീറ്റർ പ്രധാന പാതയും, 25 മീറ്റർ സർവീസ് റോഡുകളുമായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. നിലവിൽ ദേശീയപാത അതോറിറ്റി അംഗീകരിച്ചത് |

| | | | |
|---|---|---|---|
| | | | പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ 45 മീറ്റർ പ്രധാന പാതയിൽ സർവീസ് റോഡുകൾ ഉൾപ്പെടുത്തിയാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്. വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശങ്ങൾ ഇങ്ങനെയാണ്.<br><br>1) 45 മീറ്റർ ROW (Right of Way) യിൽ 4 വരിയായി പ്രധാന പാത, സർവീസ് റോഡുകൾ ഉൾപ്പെടെ, ദേശീയപാത അതോറിറ്റി വികസിപ്പിക്കുന്നതാണ്, ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുകയും പ്രധാന<br><br>പാതയുടെ നിർമ്മാണത്തിന്റെ 100% തുകയും ദേശീയപാത അതോറിറ്റി വഹിക്കുന്നതായിരിക്കും. 2) സർവീസ് റോഡുകളുടെ നിർമ്മാണച്ചെലവ് പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുക.<br><br>3) നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കണം. |

സെക്ഷൻ ഓഫീസർ